**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1265

03/12/2015 ൽ
മറുപടിയ്ക്ക്

**സർക്കാർ ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ഭൂമിയിൽ കുടിൽ കെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർ എത്രയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ 50 പേരും കാസർഗോഡ് താലൂക്കിൽ 185 പേരും ഹോസ്ദുർഗ്ഗ് താലൂക്കിൽ 300 പേരും വെള്ളരിക്കുണ്ട് താലൂക്കിൽ 160 പേരും ഉൾപ്പെടെ ആകെ 695 പേർ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടുണ്ട്. |
| (സി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**